IV സബ്മിഷൻ

(1) സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ലക്ഷക്കണക്കിനാളുകളെ പട്ടിണിയിലാക്കിയ ലോട്ടറി നിരോധനത്തിന്റെ കാര്യത്തിൽ ഇപ്പോൾ സുപ്രീം കോടതിപോലും വാതിൽ തുറന്നുകഴിഞ്ഞു. കാബിനറ്റുതന്നെ തീരുമാനം എടുത്തിട്ട് മൂന്നാഴ്ച കഴിഞ്ഞു, എന്തുകൊണ്ടോ ഈ ലോട്ടറി ഇതുവരെ തിരിച്ചു കൊണ്ടുവരുന്നില്ല. ഓൺ ലൈൻ ലോട്ടറിയുടെ കാര്യത്തിൽ ചൂതാട്ട നിരോധനത്തിന്റെ സ്വഭാവത്തോടുകൂടിയുള്ള ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞു. ഇന്ന് സഭയിൽ ഒരു ബില്ലിന്റെ കോപ്പി വിതരണം ചെയ്തതായി കണ്ടു. അപ്പോൾ ഇതിന്റെ ഹോർമാലിറ്റീസ് ഒന്നും ആവശ്യമില്ലാതെ നിരോധിച്ച നമ്മുടെ ഭാഗ്യക്കുറി വളരെവേഗം തുടങ്ങാവുന്നതേയുള്ളൂ. അതു തുടങ്ങാതെ എന്തുകൊണ്ടാണ് ഇങ്ങനെ നീട്ടി നീട്ടി കൊണ്ടുപോകുന്നത് ? തെരുവിലേക്ക് എറിയപ്പെട്ടവരും, പട്ടിണി കിടക്കുന്നവരും ആയ നമ്മുടെ സാധാരണക്കാരായ ആളുകളെ ദുരിതത്തിലേക്ക് തള്ളിയതിനെ സംബന്ധിച്ച് കക്ഷിഭേദമെന്യേ നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളും രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റിനോട് ആവശ്യപ്പെടുകയും, അതനുസരിച്ച് കാബിനറ്റ് തീരുമാനം എടുക്കുകയും ചെയ്തിട്ട് മൂന്നാഴ്ച കഴിഞ്ഞു, എന്നിട്ടും എന്തുകൊണ്ടാണ് ഇനിയും ഇത് ആരംഭിക്കാതിരിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. ഇത് ഉടനടി തന്നെ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഈ കാര്യത്തിൽ ഗവൺമെന്റിന് വളരെയധികം താൽപ്പര്യം ഉണ്ടായിരുന്നതുകൊണ്ടു തന്നെ അതിന്റെ നടപടികൾ ത്വരിതഗതിയിൽ ഡ്രാഫ്റ്റ് ചെയ്ത് കാബിനറ്റ് അപ്രൂവ് ചെയ്ത് അനന്തര നടപടികൾക്കുവേണ്ടി ലാ ഡിപ്പാർട്ടുമെന്റിൽ കൊടുത്തു. ലാ ഡിപ്പാർട്ടുമെന്റ് അതെല്ലാം റെറ്റ് ചെയ്ത് ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. 26-ാം തീയതിതന്നെ അത് പബ്ലിഷ് ചെയ്തു; ഒന്നാം തീയതി തന്നെ ഹൗസിൽ സർക്കുലേറ്റ് ചെയ്തു. ഏറ്റവും പെട്ടെന്ന് ഇത് പാസ്സാക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ താൽപ്പര്യം. അതുകൊണ്ട് അടിയന്തിരമായി ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി വിളിക്കുന്നതിന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്, മുഖ്യമന്ത്രി അത് അടിയന്തിരമായി വിളിച്ച് എത്രയും പെട്ടെന്ന്, അതായത് അടുത്തയാഴ്ച തന്നെ, ഈ ബിൽ പാസ്സാക്കി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഗവൺമെന്റ് ഇതിൽ വളരെ സീരിയസാണ്. യാതൊരു രീതിയിലുള്ള അമാന്തവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് ലോട്ടറി അടിയന്തിരമായി തുടങ്ങണമെന്നുണ്ടെങ്കിൽ മറ്റിനങ്ങൾ നമ്മൾ നിരോധിക്കണം. മറ്റിനങ്ങൾ നിരോധിച്ചതിനു ശേഷം മാത്രമേ ഇത് തുടങ്ങാൻ സാധിക്കുകയുള്ളൂ. ധാരാളം ബില്ലുകൾ കഴിഞ്ഞയാഴ്ച ഇവിടെ വന്നതുകൊണ്ടാണ് ലാ ഡിപ്പാർട്ടുമെന്റിന് ഇത് ശരിയാക്കി റെറ്റ് ചെയ്ത് തരാൻ താമസമുണ്ടായത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലാ ഡിപ്പാർട്ടുമെന്റുമായിട്ട് ബന്ധപ്പെട്ട് വളരെ നിർബന്ധമായിട്ട് ഏറ്റവും വേഗം തരണമെന്നു തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇന്നലെ തന്നെ അതിന്റെ മലയാളവും കൂടി അടിയന്തിരമായി കിട്ടണം എന്ന് ലാ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അടുത്തയാഴ്ച തന്നെ നമുക്ക് ഈ ബിൽ പാസ്സാക്കി നടപ്പിലാക്കാൻ കഴിയും. ഇതുസംബന്ധിച്ച് മറ്റ് രണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ അങ്ങേയ്ക്ക് നോട്ടീസ് തന്നു, അതിന്റെ കോപ്പി എനിക്ക് തന്നിട്ടുണ്ട്. അങ്ങയുടെ നേതൃത്വത്തിലുള്ള ഈ സെക്രട്ടേറിയറ്റ് തന്നെ ഒന്നാം തീയതി ബില്ലിന്റെ കോപ്പി സർക്കുലേറ്റ് ചെയ്തു. അത് അങ്ങേക്ക് അറിയാം, പിന്നെ ഇതിന്റെയൊക്കെ സമയം കളയേണ്ട കാര്യം ഉണ്ടോ എന്നാണ്.

(ബഹളം.....ബഹളം.....)

മി. സ്പീക്കർ: അവർക്ക് സംസാരിക്കണമെന്നുണ്ടെങ്കിൽ അവർക്ക് സംസാരിക്കാൻ അവസരം കൊടുക്കാതിരിക്കാൻ പറ്റുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട സഭയുടെ സമയം കളയേണ്ട കാര്യം ഇല്ല എന്നുള്ളതുകൊണ്ടാണ് പറഞ്ഞത്. അങ്ങേക്ക് കൂടി അറിയാവുന്നതാണ്. ഇതിൽ കൂടുതലായിട്ട് എനിക്ക് ഒന്നും പറയാനില്ല, ഒന്നാം തീയതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

(ബഹളം.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.....

(2) പനങ്ങാട്ടിരി തായങ്കുളം പറമ്പിൽ ഗിരീഷിന്റെ തിരോധാനം

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊല്ലംകോട് നിയോജക മണ്ഡലത്തിലെ പനങ്ങാട്ടിരി തായങ്കുളപ്പറമ്പിൽ ചൂഡാമണിയുടെ മകൻ ഗിരീഷിനെ 15-2-2005 മുതൽ കാണാതായതിനെക്കുറിച്ചുള്ള അന്വഷണം നടക്കുന്നത് സംബന്ധിച്ച കാര്യമാണ് ഉന്നയിക്കാനുള്ളത്. ഗിരീഷ് നാലു വർഷമായി തൃശൂരിലുള്ള ജോസ്കോ ജൂവലറിയിൽ ജോലിചെയ്യുന്ന ഒരു കുട്ടിയാണ്. കർഷകത്തൊഴിലാളി കുടുംബത്തിലെ തൊഴിൽ തേടിപ്പോയ ഒരു യുവാവാണ്. ഇന്നേക്ക് 16 ദിവസമായി ആ കുട്ടിയെക്കുറിച്ച് ഒരു വിവരവും ഇല്ല. കുട്ടിയെ കാണാതായതുമുതൽ സ്ഥലം പോലീസ് സ്റ്റേഷനിലും ഡി.എസ്.പി. ക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇതുസംബന്ധിച്ച് നിവേദനം നൽകുകയുണ്ടായി. ഈ നിവേദനം നൽകിയ ആളുകളെ വിളിച്ച് പോലീസ് അന്വേഷിക്കുകയല്ലാതെ ജൂവലറി ഉടമസ്ഥരായ ആളുകളെ ഇന്നേവരെ ചോദ്യം ചെയ്യുകയോ പരാതിയെപ്പറ്റി അന്വേഷിക്കുകയോ ചെയ്തതായി അറിയുന്നില്ല. സ്വർണ്ണത്തിന്റെ മീതെ പറുന്തും പറക്കാത്ത ഒരു സ്ഥിതിവിശേഷം ഉള്ളതുപോലെ തോന്നിപ്പിക്കുന്നു കാര്യങ്ങൾ. ഗിരീഷിനെ കാണാതായ വിവരം പത്രമാധ്യമങ്ങളിൽ കൊടുക്കാൻ പോയപ്പോൾ അവർ എഴുതി കൊടുത്തതു മേടിച്ചു എന്നതിൽ കവിഞ്ഞ് പടത്തോടുകൂടി വാർത്തപോലും പ്രസിദ്ധീകരിക്കാൻ തയ്യാറായിട്ടില്ല. നിർദ്ധനരായ ഈ കർഷകത്തൊഴിലാളി കുടുംബം ഇന്നലെ 1,700 ഉറുപ്പിക നൽകിയാണ് ഒരു പത്രത്തിൽ ഇതിന്റെ പരസ്യം നൽകിയിട്ടുള്ളത്. ഈ അവസ്ഥയിൽ അന്വേഷണം മെച്ചപ്പെടുത്തുകയും, ഈ ജോലിക്ക് നിന്നിടം ജൂവലറിയുടെ ഉടമയുടേതായതുകൊണ്ട് അദ്ദേഹത്തെ ചോദ്യംചെയ്യാതെയിരിക്കുന്നത് ശരിയല്ല; ഈ പാവപ്പെട്ട കുട്ടിയെ കണ്ടുപിടിക്കാതിരിക്കുന്നത് ശരിയല്ല, ഈ കാര്യത്തിൽ അന്വേഷണം വേണ്ടതുപോലെ ദ്രുതഗതിയിൽ ആക്കുകയും, ഈ കുട്ടിയെ കണ്ടുപിടിച്ച് രക്ഷിതാക്കളെ ഏൽപ്പിക്കുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly